## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2333

09.12.2014 ൽ മറുപടിയ്ക്ക്

# ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ലെ കേരള കോ-ഓപ്പറേറ്റീവ് 2-)ം ഭേദഗതി ഓർഡിനൻസിലെ സഹകരണ 2-)ം ഭേദഗതി ഓർഡിനൻസിൽ (2011-ലെ 44-)ം നമ്പർ ഓർഡിനൻസ്) സഹകരണ മൂലനിയമത്തിലെ S.70(A) സബ് സെക്ഷൻ (2) പ്രകാരം കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും 2011-ലെ 44-)ം നമ്പർ ഓർഡിനൻസ് വിവിധ കാരണങ്ങളാൽ നിയമമാക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിൽ ഉൾപ്പെടുത്തിയിരുന്ന ആർബിട്രേഷൻ കോടതി പ്രസൈഡിംഗ് ഓഫീസർമാരുടെ യോഗ്യതകൾ സംബന്ധിച്ച് ഭേദഗതി വ്യവസ്ഥ, '7 വർഷത്തെ അഭിഭാഷകവൃത്തി പരിചയം, സേവനകാലം 3 വർഷം' എന്നിങ്ങനെ ഭേദഗതി വരുത്തി 14.02.2012 ലെ 137/2012 നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത ആർബിട്രേഷൻ കോടതികളുടെ നിലവാരം ഉയർത്തുന്നതിന് മേൽപ്പറഞ്ഞ ഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | |
| (സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമഭേദഗതി നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ